പുത്തൻ പാട്ടുകാർ



ശാസ്ത്ര സാംസ്കാരിക ജാഥ '87

ഒക്ടോബർ 2-27

ശാസ്ത്ര സാഹിത്യ പരിഷത്ത്

പുത്തൻപാട്ടുകാർ

നാടകങ്ങൾ

പ്രസാധനം, വിതരണം:

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ—2

അച്ചടി: മംഗളോദയം പ്രസ്സ്, തൃശ്ശൂർ.

വില: ഒരു രൂപ

താക്കോൽ

ആറ് പേരടങ്ങുന്ന ഗ്രൂപ്പ് പണി ആയുധങ്ങളുമായി വരിയായി വരുന്നു. സ്റ്റേജിൻെറ മദ്ധ്യഭാഗത്ത് എത്തിനില്ക്കുന്നു. (കുഴി തോണ്ടുന്നു)

ഗ്രൂപ്പ്: (പെട്ടി കണ്ടെത്തുന്നതായി നടിച്ച്)
അറിവിൻപെട്ടി, അഗ്നിപ്പെട്ടി അക്ഷരപ്പെട്ടി–2
(പെട്ടി എടുത്ത് പോകാൻ ഭാവിക്കുന്നു. മേലാള ന്മാർ (3 പേർ) ചാടിവീഴുന്നു)

മേലാ–3: എടാ........ടാ........പെട്ടി താഴെവെയ്ക്കാൻ

ഗ്രൂപ്പ്: ഇത് ഞങ്ങളുടേതാണ്. ഇത് ഞങ്ങൾ തരില്ല.

മേലാ–1: എടാ ഈ പെട്ടി ദൈവ്സിദ്ധമാണ്. ഇതി ൻെറ യഥാർത്ഥ അവകാശി ഞങ്ങളാണ്.

ഗ്രൂപ്പ്–1: ഇത് ഞങ്ങളുടെ അദ്ധ്വാനത്തിൻെറ ഫല മാണ്.

2: കുറെക്കാലമായി നിങ്ങൾ ഇത് ദൈവത്തിൻെറ പേരുംപറഞ്ഞ് ഒളിപ്പിച്ചുവച്ചു.

3: ഇത് നിറയെ അറിവാണ്.

4: അദ്ധ്വാനത്തിൻെറ ഫലം.

ഗ്രൂപ്പ് ഒന്നായി: ഇത് ഞങ്ങൾക്കുംകൂടി അവകാശപ്പെട്ട താണ്.

മേലാ–3: ഇവനൊക്കെ ഇത് എവിടുന്ന് പഠിച്ചു. എടാ ദൈവകോപമുണ്ടാകും.
(രണ്ടുപേർ ഗ്രൂപ്പിൽനിന്ന് മാറുന്നു)

ഗ്രൂപ്പ്: ആ കോപം ഞങ്ങൾ സഹിച്ചോളാം.

**

മേലാ—1: ഞങ്ങരംക്കവകാശപ്പെട്ട സ്ഥലത്തുനിന്നാണ് നിങ്ങരം ഇതു് കഴിച്ചെടുത്തതു്. അതുകൊണ്ടുതന്നെ ഇതു് ഞങ്ങളുടേതാണ്.

മേലാ—2: പണിയെടുത്തതിനു കൂലിവാങ്ങിച്ച് പോടാ.

കോറസ്: നിങ്ങരംക്കവകാശപ്പെട്ടതെന്തൊക്കെയാണെന്ന് ഞങ്ങരം ഈ പെട്ടി തുറന്നൊന്നു് നോക്കട്ടെ.

തെററിപ്പിരിഞ്ഞവർ: വെറുതെ തക്കിക്കേണ്ട നമുക്ക് കൂലിവാങ്ങി പോകാം.

ഗ്രൂപ്പ്: നിങ്ങരം മിണ്ടാതിരിക്കു്. ഇതു് നമ്മരംക്കും കൂടി അവകാശപ്പെട്ടതാണ്.

(മേലാളൻ—2 കൂടം എടുത്തു ചാടുന്നു)

മേലാ—2: കൂടം — ഇരുമ്പുകൂടം. ചോദ്യത്തിൻെറ കുരുന്നുടക്കും ഇരുമ്പുകൂടം. സൂക്ഷിച്ചോ ഇതു് പലതരമുണ്ടു്. മേൽത്തരം ഇടത്തരം കീഴ്ത്തരം. വെയ്ക്കടാ പെട്ടി താഴെ.

കോറസ്: ഇല്ല.

മേലാ—1: ചാട്ട. വാക്കുകരംക്കൊണ്ടുള്ള ചാട്ട. വാളായ് തിളങ്ങുന്ന ചാട്ട. നമ്മെ എതിർക്കാൻ പോരുന്നോർക്കൊരു ചാട്ടുളിയാണീ ചാട്ട. വെയ്ക്കടാ പെട്ടി.

ഗ്രൂപ്പ്: ഇല്ല,

(മേലാളന്മാരുടെ തന്ത്രങ്ങരം വിലപ്പോവില്ലെന്നു കണ്ടു് അടവുമാററി അനുനയരൂപത്തിൽ)

മേലാ—3: വെറുതെ എന്തിനാ നമ്മളിങ്ങനെ തക്കിക്കുന്നതു്. നമ്മരം ഒന്നിച്ചു കഴിയേണ്ടവരല്ലെ. നിങ്ങരംക്കുകൂടി വേണ്ടിയല്ലെ ഞങ്ങളിതു കൈകാര്യം ചെയ്യുന്നതു്. അല്ലെങ്കിൽതന്നെ നിങ്ങരം പണിയെടുക്കുന്നവക്ക് ഇതു സൂക്ഷിക്കാനും കൈകാര്യം ചെയ്യാനും

എവിടുന്നാ നേരം. നിങ്ങൾക്കുവേണ്ടതു് ഞങ്ങൾ തരാം.

ഗ്രൂപ്പ്: ഉറപ്പ്—

മേലാ: ഉറപ്പ്— ങ്ഹാ പെട്ടിവെയ്ക്കു്

(ഗ്രൂപ്പ് പെട്ടി ഇറക്കുന്നു)

മേലാളന്മാർ ഗ്രൂപ്പിനെ മാററിനിർത്തുന്നു. അതിൽ ഒരാൾ ഗ്രൂപ്പിൻെറ ശ്രദ്ധമാററിയിട്ട് കുശലം ചോദിക്കുമ്പോൾ മററു രണ്ടുപേർ പെട്ടിയുടെ പൂട്ട് മാററുന്നു)

മേല—1: ഇനി കടലാസ് വായിച്ച് ഒപ്പിട്ട് കൂലി വാങ്ങിച്ചോള്ള.

ഗ്രൂപ്പ്: വായിക്കാനോ.

ഞങ്ങൾക്കു് അക്ഷരമറിയില്ലല്ലോ

മേലാ-1: പഠിപ്പിക്കാം. പഠിപ്പിക്കാം. ഇപ്പോൾ കൈയ്യൊപ്പിട്ട് കാശു വാങ്ങിക്കോള്ള.

(ഗ്രൂപ്പിൽനിന്നു് തെററിയ രണ്ടുപേർ കാശു വാങ്ങി വരുന്നു. ഗ്രൂപ്പിലുള്ളവർക്ക് പങ്കുവെക്കുന്നു)

മേലാ: നൂറു രൂപയുടെ വൗച്ചറിലാ ഒപ്പിട്ടതു്. നമ്മൾ കൊടുത്തതോ? പത്തുരൂപ വിസ്കികൾ ഇവനൊക്കെ അക്ഷരം പഠിച്ചാൽ നമ്മുടെ സ്ഥിതി എന്താവും

മേലാ—2: പേടിക്കാനൊന്നുമില്ല. 21-ാം നൂററാണ്ടാകുമ്പോഴേക്കും ലോകത്തിലെ ഏററവും വലിയ നിരക്ഷരക്കൂട്ടം നമ്മുടെ രാജ്യത്തായിരിക്കും.

ഗ്രൂപ്പ്: ഞങ്ങൾക്കു പ്രകാശപ്പെട്ടതു് കിട്ടിയില്ല.

മേലാ—1: അതിനു് നിങ്ങൾക്കക്ഷരമറിയണ്ടേ?

ഗ്രൂപ്പ്: എനിക്കു് കൂട്ടിവായിക്കാനറിയാം

മേലാ—1: ആഹാ—അറിയാമോ. നിനക്കു പററിയതു് ഞങ്ങളുടെ കയ്യിലുണ്ടു്. (മനപ്രയാസം വാരിക.... ഇതിൽ 6 തുടർക്കഥ, 2 പ്രണയകഥ, ഡോക്ടറോട്

ഫോട്ടോഗ്രാഫ്, സൗന്ദര്യപ്രശ്നങ്ങൾ, പാചകരംഗം, വാരഫലം....എല്ലാമുണ്ട്. സൂക്ഷിച്ചു വായിക്കണം

(ഒരാൾ മനപ്രയാസം സൂക്ഷിച്ചു വായിക്കുന്നു)

ഗ്രൂപ്പ്: ഇതാ പെട്ടിയിലുള്ളതല്ല. ഞങ്ങൾക്കാവശ്യം ഇത്തരം സാധനങ്ങളല്ല.

മേലാ—2: അങ്ങനെയങ്ങു ക്ഷോഭിച്ചാലോ. നിങ്ങൾക്കു പററിയ സാധനം ഞങ്ങടെ കൈയിലുണ്ട്. ഇതോ നോക്കിക്കേ....(ടി. വി. വിഷ്വൽചെയ്യുന്നു)

കളിചിരിപെട്ടി കിലുക്കാംപെട്ടി. കരിനിഴൽപെട്ടി ചിത്രപ്പെട്ടി. ഇതു ചിരിച്ചീടിൽ ജനം ചിരിക്കും. ഇതു കരഞ്ഞീടിൽ ജനം കരയും.

ഗ്രൂപ്പ്: ഞങ്ങൾക്കാവശ്യം ഇതൊന്നുമല്ല. ഈ പെട്ടിയിലുള്ളത് യഥാർത്ഥമായതു് നിങ്ങൾ തന്നില്ലെങ്കിൽ ഞങ്ങൾ അതു പിടിച്ചുവാങ്ങും. വരിൻ.

(പെട്ടിയുടെ അടുത്തേക്കു് പായുന്നു)

ഗ്രൂപ്പ്: ഈ പെട്ടിയുടെ താഴ് മാററിയിരിക്കുന്നുവല്ലോ. ഇതിൻെറ താക്കോൽ എവിടെ?

മേലാ—1: ഹ....ഹ....ഹ.... നിങ്ങൾക്കതു് തുറക്കാനാവില്ല. അതിൻെറ താക്കോലിതാ എൻെറ കയ്യിൽ (ഗ്രൂപ്പ് താക്കോൽ പിടിച്ചുവാങ്ങാനായി മുന്നോട്ടായുന്നു) മേലാളന്മാർ ഗ്രൂപ്പിനെ കെട്ടിവരിയുന്നു

വിദ്യാധനം സർവ്വധനാൽ പ്രധാനം.

മാലിന്യം ചിത്രപ്പെട്ടി നിരക്ഷരം....

മേലാ: നിങ്ങൾക്കതു് തുറക്കാനാവില്ല

ഗ്രൂപ്പ്: (മുന്നോട്ടായുന്നു) അറിവിൻെറ താക്കോൽ.... അറിവിൻെറ താക്കോൽ. അറിവിൻെറ താക്കോൽ. അറിവിൻെറ താക്കോൽ.

—സ്റ്റിൽ—

കുരുതി

(കോറസ് ഒരു പുഴയായ് രൂപംകൊള്ളുന്നു) കുട്ടി കളിവഞ്ചിയുമായ് വന്ന് പുഴയിൽ കളിക്കുന്നു. കോറസ് കാടായ് രൂപംകൊള്ളുന്നു. കുട്ടി പൂക്കൾ ഇറുത്ത് മാലകെട്ടാൻ ഇരിക്കുന്നു)

കോറ: ഇവൾ എന്റെ മകളാണ്. പ്രകൃതിയുടെ മകൾ. നാളെ അമ്മയാകേണ്ടവൾ. ശൈശവത്തിൽ കളിവഞ്ചിതീർത്തും കളിവീട് കെട്ടിയും കളിപ്പാവയെ താരാട്ടിയും ഈ തണലിൽ ഇവളുടെ സ്വപ്നങ്ങൾ പൂവണിയുമ്പോൾ നിങ്ങൾ തീർത്ത ക്രൂരമായ ഒരനാചാരത്തെ ഓർത്തു ഞങ്ങൾ ഞെട്ടുന്നു.

(കോറസ് ഹമ്മിംഗ്........കുട്ടി പ്രായമായ പശ്ചാത്തലം ഒരുക്കുന്നു)

കോറ: ഞങ്ങളുടെ ഋതുക്കൾ പൂക്കളും സ്വപ്നങ്ങളും സൗന്ദര്യവും നല്കി ഇവളെ ഋതുമതിയാക്കുമ്പോൾ നിങ്ങൾ പടച്ചുവിട്ട ദുർഭൂതം ഇവളെ പേടിപ്പെടുത്തുന്നു.

(ഭൂതം രംഗത്തു പ്രത്യക്ഷപ്പെടുന്നു. കോറസ്സും ഭൂതവും താളത്തിനൊത്ത് ചുവടുവയ്ക്കുന്നു. കുട്ടിയുടെ അച്ഛൻ പ്രത്യക്ഷപ്പെടുന്നു. കുട്ടിയെയും അച്ഛനേയും കോറസ് വലയം ചെയ്യുന്നു)

അച്ഛൻ: അയ്യോ നിങ്ങൾ ഇങ്ങനെ ഭയപ്പെടുത്തരുതേ. എന്റെ ഏക മകളാണിവൾ. ഇവളുടെ വിവാഹം കണ്ടിട്ടുവേണം എനിക്ക് മനസ്സമാധാനത്തോടെ മരിക്കാൻ.

ഭൂതം: അതിനെന്താ..... എന്നെ മനസ്സിലായില്ലേ.... ? എന്നെ സന്തോഷിപ്പിക്കു ...

അച്ഛൻ: ഇവൾക്ക് വേണ്ടത്ര വിദ്യാഭ്യാസമുണ്ട്.

കോറ: അതുമാത്രം പോര

അച്ഛൻ: ഇവൾക്ക് സൗന്ദര്യമുണ്ട്

കോറ: അതും പോര

അച്ഛൻ: ഇവൾക്ക് ആരോഗ്യമുണ്ട്

കോറ: പോര....

അച്ഛൻ: പിന്നെ എന്തുവേണം

ഭൂതം: അൻപതു പവനും അൻപതിനായിരവും

കോറ: അൻപതു പവനും അൻപതിനായിരവും

അച്ഛൻ: എനിക്ക് അതിനുള്ള കഴിവില്ല

ഭൂതം: എന്നു പറഞ്ഞതുകൊണ്ടായില്ല.

അച്ഛൻ: എനിക്കു് ഉള്ളതു മുഴവൻ ഞാൻ തരാം

ഭൂതം: (പൊട്ടിച്ചിരിക്കുന്നു) ശരി നോക്കട്ടെ

(കോറസ് കല്യാണത്തിൻെറ പശ്ചാത്തലം ഒരുക്കുന്നു. അച്ഛൻ പെണ്ണിനെ ഭൂതവുമായ് ബന്ധിക്കുന്നു. ഭൂതത്തെ വരൻെറ കയ്യിൽ പിടിച്ചുകൊടുക്കുന്നു. കോറസ് വരൻെറ വീടായ് മാറുന്നു. വരൻെറ അമ്മ പെണ്ണിനെയും ചെറുക്കനെയും ആനയിക്കുന്നു.

അമ്മ: എന്തു കൊണ്ടുവന്നിട്ടുണ്ട്?

ചെറു: ഇതാ ഇതു മുഴവനും

അമ്മ: ഇതു പോര. നിന്നെ പഠിപ്പിക്കുവാനും ജോലി വാങ്ങിക്കുവാനും എത്രായിരം ആണ് മുടക്കിയതു്. ഇതുപോര. ഇനിയും കൊണ്ടുവാ.

ചെറു: (പെണ്ണിനോട്) പോയ് ഇനിയും കൊണ്ടുവാ.

കോറ } കൊണ്ടുവാ.... കൊണ്ടുവാ....
ഭൂതം } (ഭൂതം പെണ്ണിനെ കൊല്ലുന്നു)

പുത്തൻ പാട്ടുകൾ

പെരുമയേറുന്ന തറവാടല്ലയോ
പെരുകുന്നനശ്വര പൂരം
അവിടുത്തെ തിരുകരംനോക്കി
ഭാഗ്യപ്പെരുമ ഞങ്ങളും പാടാം

രംഗം ആരംഭിക്കുമ്പോൾ ജനങ്ങളുടെ ഇടയിൽനിന്നു് ആരെയോ അന്വേഷിച്ചു നടക്കുന്നു.

കാക്കാൻ: എടീ പങ്കിയേ.......

(തെല്ലിട കഴിഞ്ഞു വീണ്ടും) എടി പങ്കിയേ....

കാക്കാത്തി; (ഒരു വശത്തുനിന്നു്) എന്തോ....

കാക്കാൻ: നീ എവിടെപ്പോയി കിടക്കുവാരുന്നെടി.

കാക്കാത്തി: ഞാനങ്ങു തൊർഗ്ഗത്തിലാർന്നു്.

കാക്കാൻ: ഓ....എന്നാ അവിടേം മുടിഞ്ഞുകാണും.

(കാക്കാത്തി പ്രതികരിക്കുന്നു)

കാക്കാൻ: എടി ഇന്നു വല്ല്യതമ്പ്രാൻെറ ചട്ടിപൂർത്തി യല്ലേ. ഒരു വയറു ചോറു കിട്ടുന്നതല്ലേ....

കാക്കാത്തി: എന്നാലതു് നേരത്തേ അങ്ങാട്ടു പറയാൻ മേലാർന്നാ.

കാക്കാൻ: വാ....നമുക്കു ചെല്ലാം.

(പാട്ടു്)

(കാക്കാനും കാക്കാത്തിയും തമ്പ്രാൻെറ വീടു ലക്ഷ്യ മാക്കി നടക്കുന്നു. വീടിൻെറ വാതുക്കൽ എത്തു മ്പോൾ പുള്ളുവൻ വീണയുംമീട്ടി കടന്നുവരുന്നു)

പുള്ളോൻ: നാഗദൈവങ്ങളെ ഇത്തറവാടിന്റെ
നാനാദോഷവും തീർത്തിടേണേ. 2

(പാട്ടു തീരുമ്പോൾ വേലൻ പറയുമായ് കടന്നുവന്നു് ഇരുന്നു പാടിത്തുടങ്ങുന്നു)

വേലൻ: സന്തതിക്കും തറവാടിന്നും
നാവുദോഷം തീർന്നൊഴിക
കൃഷിക്കും കന്നുകാലിക്കും
ശത്രുദോഷം തീർത്തൊഴിക

(പാട്ടു തീരുമ്പോൾ വീടിനകത്തു്)

വലി. തമ്പ്രാ: ആരാടാ അവിടെ, ഒരു ബഹളം. എടോ ശങ്കരൻനായരേ ചെന്നൊന്നു നോക്കിക്കേ....

(ശങ്കരൻനായർ പ്രവേശിച്ചു—നിൽക്കുന്നവരെ വീക്ഷിച്ചിട്ടു്)

ശങ്കര: തമ്പ്രാനേ....അതു നമ്മുടെ കാക്കാനും കൂട്ടരുമാ

(തമ്പ്രാൻ പ്രവേശിച്ചുകൊണ്ടു്)

തമ്പ്രാൻ: എല്ലാം ഇങ്ങു വലിഞ്ഞുകേറി വരും. ഇന്നെന്റെ ഷഷ്ടിപൂർത്തിയാണെന്നറിഞ്ഞുകാണും. അല്ലാ അതപ്പോഴൊന്നിനേം കാണണ്ട. (രംഗം വീക്ഷിച്ചു് കാക്കാനോട്) എല്ലാം ഉണ്ടല്ലോ ...എന്താടാ ഒന്നിനേം ഈ വഴിക്കു കാണാനില്ലല്ലോ?

കാക്കാൻ: കയ്യുംനോക്കി ലക്ഷണോം പറഞ്ഞുനടന്നാൽ
ഇക്കാലത്തു് ജീവിക്കാനൊക്കത്തില്ല തമ്പ്രോ ...
അതുകൊണ്ടു് അടിയൻ ആലപ്പുഴ പണിക്കു പോകുവാ

തമ്പ്രാൻ: (കാക്കാത്തിയെ നോക്കി) ഏതാടാ ഈ പെണ്ണു്.

കാക്കാൻ: അടിയന്റെ കാക്കാത്തിയാ. ആലപ്പുഴക്കാരിയാ.

കാര്യ: അപ്പോ—ഇവളു നന്നായി ഫലം പറയും അല്ലേ!

കാക്കാൻ: ഉവ്വ്....ഉവ്വ്....ആലപ്പുഴ മുഴവൻ നടന്നു പറ ഞ്ഞവളാന്നേ.

തമ്പ്രാൻ: (വേലനോട്) ങാ....നിനക്കെന്തു പററിയെടാ

വേല: അടിയൻ പറേം തുടീം അങ്ങെടുത്തു വച്ചേ.... ഇപ്പോ കൊട്ടും പാട്ടും ആർക്കും വേണ്ടായേ....ജീവി ക്കേണ്ടായോ....

തമ്പ്രാൻ: (പുള്ളോവനോട്)-ഇവനാണെങ്കിൽ ഇക്കൊ ല്ലം കാവിലെ കളംപാട്ടിനുപോലും കണ്ടില്ല. എന്താടാ മുറയൊക്കെ തെററിച്ചുവല്ലേ.

പുള്ളോ: അടിയൻെറ പുള്ളോത്തിക്കും‌പ്പെടെ എല്ലാത്തി ൻേറം മൊറതെററിക്കിടക്കുവാണേ. എല്ലാത്തിനും ദെണ്ണോം ദീനോം ആയിരുന്നേ.

തമ്പ്രാ: എടോ....അതിനല്ലയോ സർക്കാരാശുപത്രിയു ള്ളതു്. വേണ്ടുവോളം സൗകര്യങ്ങളില്ലേ. പോരാ തിനു് മൊട്ട, പാല്, പഴം, എന്നുവേണ്ട എല്ലാം കിട്ടില്ലേ.

വേലൻ: തർക്കാരാശുത്രീടെ കാര്യം ഒന്നും പറയണ്ട തമ്പ്രേ, അടിയനുണ്ടായ ഒരനുഭവം പറയാം. കേ ട്ടോണ്ടാട്ടേ....

പറകൊട്ടിപ്പാടി ഞാൻ മാളോക്കു ദോഷം തീർത്തോ-
രുദിനം വന്നപ്പോഴും പനിമൂർച്ചിച്ചേ....
സർക്കാരിൻറാശുത്രി ചെന്നപ്പം ഡാക്കിട്ടറു
വീട്ടിലാണെന്നറിഞ്ഞവിടെ പോയേ,
പണമുള്ള മാളോരു ചകിടിയോടവിടെ—
ച്ചെന്നിടതിങ്ങി നിൽക്കുന്ന കാഴ്ചകണ്ടേ....
(തന്നിംധാനി തനംധാനി)
തനതന്നിം ധാനി തനംധാനി)
ആശുത്രീലില്ലാ മരുന്നുകടകളിൽ
കേറിയിറങ്ങി ഞാൻ നാടുനീളെ

**

പാവത്തുങ്ങൾക്കുള്ള തീനത്തിൻെറ മരുന്നീ-
നാട്ടിൽ വേണ്ടത്ര കിട്ടാനില്ലേ.

(തന്നിംധാനി....)

പുള്ളോൻ: അതു മാത്രമല്ല തമ്പ്രോ....അടിയനൊണ്ടായ അനുഭവം പറയാമേ....

കൈക്കൂലി ഇല്ലാത്ത സർക്കാരശ്ശുത്രി തുച്ഛം
ഇക്കേരളമണ്ണിൽ മുക്കാല്യമിങ്ങനാണേ
പോക്കററു കാലിയെങ്കിൽ ചില ഡോക്ടർ
ണോക്കില്ല കഷ്ടം.
പേഴ്സിലെ കാശുതീർന്നാ ചില നേഴ്സു–
ചിരിക്കയില്ല.
പിള്ളയെ പെററ തള്ളയ്ക്കാകുഞ്ഞിനെയൊന്നു
കാണാൻ
വൻതുക കൈമടക്കം ദുർനീതിയുണ്ടിവിടെ
എന്തിനു ചൊല്ലിടുന്നു പന്തികേടിത്തരത്തിൽ.

(പാട്ടു പകുതിയാകുമ്പം കൊച്ചുതമ്പ്രാൻ പ്രവേശിക്കുന്നു)

(പാട്ടു തീരുമ്പോൾ)

തമ്പ്രാൻ: അതിനാടാ ഈ പ്രൈവററശ്ശുത്രിയുള്ളതു്. നിങ്ങൾക്കൊക്കെ ഇവൻെറ ആശ്ശുപത്രീ പോയിക്കൂടെ. അവിടെ ഒന്നിൻെറ ഒരു കുറവുമില്ല

കാക്കാൻ: അതിനൊക്കെ കൊറേ കാശുവേണ്ടായോ തമ്പ്രാ.

തമ്പ്രാൻ: എടാ കുറച്ചു കാശു പോയാലെന്താ പരമസുഖമല്ലേ. ഇപ്പോഴെൻെറ കാര്യംതന്നെ നോക്കു. മരുന്നും മരുന്നിൻെറ പുറത്തു മരുന്നുമായിട്ടാ ഞാൻ കഴിയുന്നതു്. ഇവനാ എന്നെ ചികിത്സിക്കുന്നതു്. ഷുഗർ.... അൾസർ....പ്രഷർ....

ശങ്കര: കുക്കർ. ഇത്തരം എത്രതരം രോഗങ്ങളാ തമ്പ്രാന്, ഇതൊന്നും നിങ്ങൾക്കൊന്നും വരുന്ന രോഗമല്ല.

പുള്ളോ: അപ്പോ തമ്പ്രോ ....രോഗംതന്നെ രണ്ടുതരം ഉണ്ടോ? പാവപ്പെട്ടോർക്കുള്ളതെന്നും; പണക്കാർക്കുള്ളതെന്നും.

തമ്പ്രാൻ: (ചിരിക്കുണു) അതൊന്നും നിങ്ങൾക്ക് മനസ്സിലാവില്ല. നീയൊന്നു പറഞ്ഞുകൊടുക്കടൊ. എനിക്കു മരുന്നു കഴിക്കുവാൻ സമയമായി.... (പോകുന്നു)

വേല: ആരെന്തു പറഞ്ഞാലും പാവത്തുങ്ങടെ തീനത്തിൻെറ മരുന്നേ കിട്ടാതുള്ളു. ഉള്ളതിനാണെങ്കിൽ തീ പിടിച്ച വിലയും.

ഡോക്ടർ: എടാ അതിനാടാഞങ്ങളീ പ്രൈവററാശുപത്രിയൊക്കെ നടത്തുന്നതു്. ഞങ്ങളിതൊക്കെ നടത്തുന്നതതിന്‌വേണ്ടിയാ.

കാക്കാൻ: പ്രൈവററാശുത്രീലെ കാര്യം ഒന്നും പറയണ്ടായേ.

ഡോക്ടർ: ങൂം....

കാക്കാൻ: ചൊല്ലാമെ ...

ചൊല്ലാമേ തമ്പുരാനേ അയലത്തുണ്ടായൊരമളി കാര്യമായ് ചൊല്ലാമേ....

തെക്കേലെ നാണിക്കൊരു ഇററലും ഛർദ്ദിയും—
പെട്ടെന്നടിയർ പ്രൈവററാശുത്രീലാക്കിനാൽ
ഒട്ടുനാളിട്ടു കഷ്ടപ്പെട്ടത്തീപ്പണം തട്ടീട്ടു—
കൊണ്ടുപോപററില്ലന്നായവർ. (ചൊല്ലാമേ....)
കഷ്ടിച്ചു കാറിലിട്ടോടിച്ചു കോട്ടയം
സർക്കാരിൻറാശുത്രീലെത്തുംമുമ്പേ ചത്തു.
(ചൊല്ലാമേ....)
എട്ടുസെൻറുള്ളതും പോയ് പിള്ളേർ—
ഇന്നു് റോട്ടിലായ് പ്രൈവററാശുത്രീലെ
കച്ചോടം കൊള്ളാമേ.... (ചൊല്ലാമേ....)

ഡോക്ടർ: നീങ്ങടാ....ഞങ്ങാളപ്പോലുള്ളവർ ഈ ആശുപത്രി നടത്തുന്നതേ പുണ്യം കിട്ടാനൊന്നുമല്ല. ലക്ഷക്കണക്കിനു രൂപാ ചെലവാക്കീട്ടാ സീററു വാങ്ങിയതും പഠിച്ചതും, ആശുപത്രി നടത്തുന്നതും, കാശു വാങ്ങുന്നതു വെ്റുതെയല്ലല്ലോ. പോരാത്തതിന് ഇപ്പോ സർക്കാരിനു നികുതീം കൊടുക്കണം.

കാക്കാൻ: ജഗ ...ജഗ ... കച്ചോടാകുമ്പം പിന്നെ നികുതിയൊക്കെ കൊടുക്കണ്ടായോ.

ഡോക്ടർ: എടാ നിനക്കൊക്കെ ഈ അനുഭവദോഷം വരുന്നതിന് ഞങ്ങളാണോ കുററക്കാരു്.

വേല: അനുഭവദോഷമൊന്നുമല്ലേ........ കേറിക്കിടക്കാനൊരു വീടും കഞ്ഞികുടിക്കാനുള്ള വകേം ഉണ്ടെങ്കിൽ അടിയങ്ങക്ക് ഇതൊന്നും വരത്തില്ല തമ്പ്രോ....

പുള്ളോ: അതു നേരാണേ.

കാക്കാത്തി: ഇതൊക്കെ അറിവുള്ള തമ്പ്രാക്കളു ഞങ്ങാക്കു പറഞ്ഞുതന്നിട്ടുണ്ടേ.

കാര്യ: എന്തോന്നു കുന്തം പറഞ്ഞുതന്നിട്ടുണ്ടെന്നാ—

കാക്കാൻ: മററു രാജ്യങ്ങളിൽ നിരോധിച്ച മരുന്നുകാം ഇവിടെ കൊണ്ടുവന്നു വില്ക്കുന്നുണ്ടെന്നും അതിന് ചില ഡോക്കിട്ടറന്മാരു് കൂട്ടുനില്ക്കുന്നുണ്ടെന്നും ഞങ്ങാക്കറിയാമേ.

ഡോക്ടർ: നിങ്ങാക്കൊക്കെ ഈ മണ്ടത്തരങ്ങാ 'ഉപദേശിച്ചുതന്നതാരാടാ.

കാര്യ: അതിനിവിടെ ചില കൂട്ടരുണ്ടേ. പാഷാണങ്ങാ.

കാക്കാൻ: അതൊന്നുമല്ലേ. ലാഭം കൊറവായതുകൊണ്ടു് പാവത്തുങ്ങക്കുള്ള ദീനത്തിന്റെ മരുന്ന് ഇവിടത്തെ കമ്പനികാ ഉണ്ടാക്കുന്നില്ലെന്നും.

ഡോ: അപ്പോപ്പിന്നെ ഞങ്ങളെപ്പോലുള്ളവരാണോടാ കുററക്കാരു്.

വേല: തമ്പ്രാനാണെന്നു ഞങ്ങരം പറയുന്നില്ലേ.

(വേലൻ/പുള്ളേൽ—പാടിക്കൊടുക്കുന്നു.)

തെററുകാരനല്ല തമ്പ്രാ....ഡോക്ടറാണെന്നാലും

കുററവാളികരം മുകളിൽ കുത്തകക്കാരുണ്ടേ....

വൈദ്യശാസ്ത്രത്തെയുംകൂടി കത്തിവെച്ചീടുന്ന

തസ്കരന്മാരോടെതിക്കാൻ ഒത്തിടാം തമ്പ്രാനേ.

ഡോക്ടർ: 'ഭ'....എരപ്പകളേ....കണ്ട തെണ്ടികളോടൊ ക്കെ ഞാനും കൂടണമെന്നാണോ പറയുന്നതു്. എറ ങ്ങിപ്പോടാ പുറത്തു്....ശങ്കരൻനായരേ....

ശങ്കരൻ: പോടാ പുറത്തു്....പോടാ....

(രണ്ടുപേരും പോകുന്നു.)

പുള്ളോ: തമ്പ്രാൻെറ പെരേലായതുകൊണ്ടല്ലേ ഇങ്ങനെ.

നമുക്കു പറയാനുള്ളതു മാളോരോടു പറയാം, വാ....

(എല്ലാവരും നടക്കുന്നു. തിരിഞ്ഞുവന്നു്)

പുള്ളോ: അല്ല. ഈ സർക്കാരാശുപത്രീടെ ദുഃസ്ഥിതി മാററാൻ എന്താണൊരു മാർഗ്ഗം....(പരസ്പരം ആലോ ചിക്കുന്നു.)

(സദസ്സിൽനിന്നൊരാരം എഴുന്നേററു വന്നിട്ടു്.)

എടാ അതിനു് നിങ്ങരം ഇങ്ങനെ ഇരുന്നു ആലോ ചിച്ചുകൊണ്ടു ഒരു പ്രയോജനവുമില്ല.

എല്ലാ: പിന്നെ ഞങ്ങരം എന്തുചെയ്യണം.

ഒരാരം: അതിനു വഴിയുണ്ടു്.

(വരുന്ന ആളാദ്യം. പിന്നീടു് കോറസ്സ്.)

തന്താനാനെ താനെ തന്നന്നാ

തന താനിന താനിന തന്താനാനെ താനെ തന്നന്നാ.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ അവശ്യമരുന്നുകരം

ഏറെ നൽകാൻ തയ്യാറാവേണം.

രോഗപ്രതിരോധത്തിനായി ജനക്ഷേമത്തെ നോക്കി

ലോഭമില്ലാതെന്തും നൽകേണം.

(വീണ്ടും വായ്ത്താരി, കളി.)

മട്ടമാററി.

തന്താനാനെ താനെതന്നന്നാനെ

താനിന തന്നാനെ താനിന താനിന തന്നന്താനെ

സർക്കാർ ആസ്പത്രികളുടെ ഈ സ്ഥിതി

മെച്ചപ്പെട്ടകിൽ

തടയാം ഒട്ടേറെ കൊള്ളരുതായ്മകൾ നിശ്ചയമായും

ഒത്തൊരുമിച്ച ജനങ്ങളുണർന്നീ ദുഃസ്ഥിതിമാററാൻ

നാട്ടിൽ പുത്തനാരോഗ്യനയത്തിന പോരു തുടങ്ങാം

(വീണ്ടും കളി. അവസാനം സ്റ്റിൽ.)

പ്രഹ്ലാദൻ

രംഗമദ്ധ്യത്തിൽ ഉയർന്ന തലത്തിൽ ഒരു മുത്തച്ഛൻ കഥ പറഞ്ഞുകൊടുക്കുന്ന position-ൽ ഇരിക്കുന്നു. മുത്തച്ഛന്റെ മുട്ടിൽ ചടഞ്ഞിരുന്നു് കഥ കേറംക്കുന്ന പ്രഹ്ലാദൻ.

മുത്തച്ഛൻ: പണ്ടു്....പണ്ടു് ഹിരണ്യകശിപുന്റെ മകനായി പ്രഹ്ലാദൻ എന്നൊരു രാജകുമാരൻ ഉണ്ടായിരുന്നു. സ്വേച്ഛാധിപതിയും ക്രൂരനുമായ ഹിരണ്യൻ പ്രജകളോടു് ഹിരണ്യായ നമഃ എന്നേ പ്രാർത്ഥിക്കാവൂ എന്നു് കല്പിച്ചു. എല്ലാവരും അതു് അനുസരിക്കുകയും ചെയ്തിരുന്നു. പക്ഷേ പ്രഹ്ലാദൻ മാത്രം ....(അച്ഛനും, അദ്ധ്യാപകനും കടന്നു വരുന്നു.)

അച്ഛൻ: നിനക്കുവേണ്ടതു് ഈ പഴങ്കഥകളല്ല. 21-ാം നൂററാണ്ടിന്റെ പടിവാതില്ക്കലെത്തി നില്ക്കുന്ന ഈ രാജ്യത്തിലെ ഒരുത്തമ പൗരനായിത്തീരുന്നതിനു് നീ എന്തൊക്കെ പഠിക്കണമെന്നും, എങ്ങിനെ വളരണമെന്നും നാം തീരുമാനിക്കും.

അദ്ധ്യാപകൻ: എന്താണു് പഠിപ്പിക്കേണ്ടതു്?

തന്നെപ്പോലെതന്നെ തന്റെ അയൽക്കാരനെയും സ്നേഹിക്കാൻ പഠിപ്പിച്ച ക്രിസ്തുവിനെക്കുറിച്ചു പഠിപ്പിക്കട്ടെ?

തളിരിടുകയും, പൂവണിയുകയും ചെയ്യുന്ന സസ്യജാലങ്ങളുടെ മനസ്സിൽ മുങ്ങിത്തപ്പിയ ജെ. സി. ബോസിനെക്കുറിച്ചു് പഠിപ്പിക്കട്ടെ?

അച്ഛൻ: പാടില്ല, സ്നേഹിക്കാൻ കഴിവുള്ള ഒരു മനുഷ്യനെയല്ല എനിക്കാവശ്യം. അഹിംസയല്ല എന്റെ

സിദ്ധാന്തം. അവനെ ആററംബോംബും അന്തർവാഹിനികളും ഉണ്ടാക്കാൻ പഠിപ്പിക്കുക.

(മുന്നോട്ടുവന്നു് ജനങ്ങളോടു്)

അയൽരാജ്യങ്ങൾ നമ്മെ ആക്രമിക്കാൻ തക്കം പാർത്തിരിക്കുന്നതുകൊണ്ടു്. രാജ്യത്തിന്റെ അതിർത്തി നമ്മുടെ പടിവാതില്ക്കലെത്തി നില്ക്കുന്നതുകൊണ്ടു് സ്നേഹത്തിന്റെ ഉപയോഗശൂന്യമായ സിദ്ധാന്തങ്ങളല്ല നമുക്കാവശ്യം. ന്യൂക്ലിയർ ബോംബുകളും മററായുധങ്ങളുമാണു്.

അമേരിക്കയിൽ ഒരു കുട്ടി ചന്തയിൽനിന്നു കിട്ടിയ ഒരു കഷ്ണം പേപ്പറിലെ സൂത്രവാക്യമുപയോഗിച്ചു് ആററം ബോംബു നിർമ്മിച്ചു. അതുപോലുള്ള വരെയാണു് നമുക്കാവശ്യം.

അദ്ധ്യാപകൻ: (തൊപ്പിയും വടിയുമെടുത്തു) മായമില്ല, മന്ത്രമില്ല, ജാലമില്ല സാക്ഷാൽ സത്യമായ വിദ്യാഭ്യാസം. ആർക്കും വരാം, ആർക്കും പഠിക്കാം. കടന്നുവരു കടന്നുവരു. ഒന്നുവച്ചാൽ രണ്ടു്. രണ്ടുവച്ചാൽ നാലു്.... (കുട്ടിയെ സമീപിച്ചു.) ഇനി നമുക്കു് ഈ പട്ടിക ഏററു ചൊല്ലാം.

ഒന്നും, ഒന്നും, രണ്ടു്

രണ്ടും, രണ്ടും മൂന്നു്

മൂന്നും, മൂന്നും നാലു്

കുട്ടി: സാർ മൂന്നും, മൂന്നും....ആ....ആറല്ലേ?

അദ്ധ്യാ: ഹും. (സദസ്സിനോടു്) ഐൻസ്റ്റൈന്റിന്റെ സിദ്ധാന്തപ്രകാരം $E = MC^2$ ആയതുകൊണ്ടു് ഇനി തൊട്ടു് മൂന്നും, മൂന്നും നാലാണെന്നു് വിദ്യാഭ്യാസ മേലാളന്മാർ പ്രസ്താവിച്ചിരിക്കുന്നു.

(വിദ്യാർത്ഥിയോടു്) ഇനി സംശയം പാടില്ല. കഥയിൽ ചോദ്യമോ?

ഒന്നും ഒന്നും രണ്ട്
രണ്ടും രണ്ടും മൂന്ന്
മൂന്നും മൂന്നും........

വിദ്യാർത്ഥി: നാല്....(freez)

വൃദ്ധൻ: വൃക്ഷത്തണലിൽ വിശ്രമിച്ച ന്യൂട്ടൻെറ ശിര സ്സിൽ ഒരു ആപ്പിൾ അടന്നു വീണു. അതേക്കുറിച്ച് ന്യൂട്ടൻെറ ഉള്ളിലുണ്ടായ ചോദ്യങ്ങൾ മനുഷ്യപുരോ ഗതിയുടെ പാതയിലെ കാൽവെപ്പുകളായി.

അദ്ധ്യാ: ഇനിയൊരു കഥ—
ശ്രീലങ്കയിൽ ജാഫ്നയിൽ
മനുഷ്യസ്നേഹ മഹാപ്രസ്ഥാനം
തമിഴ് പോരാളികൾക്കും സ്നേഹം
സിംഹള സൈനികർക്കും സ്നേഹം
സ്നേഹം മൂത്തവർ തമ്മിൽ തമ്മിൽ
ബോംബെറിഞ്ഞു കളിക്കുന്നു.
സ്നേഹത്തിൻെറ കൈത്തിരിയാമീ
ബോംബുകളെ നാം വാഴ്ത്തുന്നു. (freez)

മുത്ത: യാഗശാലയിലേക്കു കൊണ്ടുപോയ മുടന്തുന്ന കുഞ്ഞാടിനേയും എടുത്ത് ബിംബിസാരൻെറ കൊ ട്ടാരത്തിലേക്ക് ബുദ്ധൻ കയറിച്ചെന്നു. സ്നേഹത്തി ൻെറ ദീപം....

വിദ്യാ: സാർ സ്നേഹിച്ചാൽ രക്ഷിക്കുകയല്ലേ? കൊല്ലു കയാണോ?

അദ്ധ്യാ: സ്നേഹിച്ചാൽ കടിച്ചുകൊല്ലാം എന്നാണ് ആധു നിക സിദ്ധാന്തം.

വിദ്യാ: സാർ അതു വിശ്വസിക്കുന്നുണ്ടോ?

അദ്ധ്യാ: വിശ്വാസം രക്ഷിക്കുന്നില്ലല്ലോ? എൻെറ ഗ്രാററു വിററി, പ്രോവിഡൻഫണ്ട്, ഇൻക്രിമെൻറ്, സർ

വ്വീസ് പ്രമോഷൻ ഇതൊക്കെ ശരിയാകണമെങ്കിൽ നിലനില്പിന്റെ പ്രശ്നമല്ലേ?

വിദ്യാ: (നടനായി മുന്നോട്ടുവന്നു് പ്രസ്താവിക്കുന്നു) നിലനില്പിനായി മനുഷ്യൻ കള്ളം പറയാൻ തുടങ്ങിയപ്പോഴാണു് ആദ്യമായി വിദ്യാഭ്യാസത്തിന്റെ മൂല്യത്തകച്ച്യയുണ്ടായതു്. ഇയാളൊരു ആധുനിക അദ്ധ്യാപകനാണു്. ഒരു കൂട്ടം മുതലാളൻമാരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സംസ്കാരം മെനഞ്ഞെടുക്കേണ്ട ഇയാരം കുരുന്ന ജിജ്ഞാസകളെ കൊലക്കളത്തിലേക്കു നയിക്കുന്നു.

അദ്ധ്യാ: യുഗങ്ങൾക്കുമുമ്പു് നിയാണ്ടർതാൾ മനുഷ്യനിലാണു് ഹോമോസാപ്പിയൻസ് എന്ന ആധുനിക മനുഷ്യൻ ഉത്തരാർദ്ധഗോളത്തിൽ സ്ഥിതിചെയ്യുന്ന ഭാരതം വടക്ക് ഹിമാലയം തെക്ക് തെക്കേ ആഫ്രിക്കയിൽ കറുത്ത വർഗ്ഗക്കാർക്കു് മാർട്ടിൻ ലൂഥർ കിംഗ് 2047-ൽ ഭാരതത്തിനു് സ്വാതന്ത്ര്യം ഫെറിക് ക്ലോറൈഡ് + കോപ്പർ സൾഫേറ്റ് ആധുനിക ശാസ്ത്രത്തിലെ ലേസർ രശ്മികളും കമ്പ്യൂട്ടറും Sin θ + Cos $\theta = \pi r^3$ഉം സംപ്രേഷണം ചെയ്യപ്പെടുന്ന തരംങ്ങൾ ടെലിവിഷനിൽ കാണുന്നു.

വിദ്യാ: എന്താണു സാർ ടെലിവിഷം?

അദ്ധ്യാ: പടം കാണുന്ന പെട്ടിയാണു ടെലിവിഷൻ

വിദ്യാ: സാർ ഞാൻ അമ്മ മുണ്ടുവെക്കുന്ന പെട്ടിയേ കണ്ടിട്ടുള്ളു. അതിൽ പടം ഇല്ലല്ലോ?

അദ്ധ്യാ: എനിക്ക് സമരത്തിനു പോകാൻ സമയമായി. ബാക്കി വീട്ടിൽ ട്യൂഷനു വന്നാൽ പഠിപ്പിക്കാം. (രാഷ്ട്രീയക്കാരൻ പ്രവേശിക്കുന്നു)

രാഷ്ട്രീ: ഇതേക്കുറിച്ച് ചരിത്രം അറിയാവുന്ന നിങ്ങളോട ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ? 1947ൽ ഇവിടെ എന്തു സംഭവിച്ചു? ഇപ്പോഴിവിടെ എന്തു സംഭവിക്കുന്നു. നമ്മുടെ രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി ഇതെന്താണെന്ന് ഞാൻ ചോദിക്കുകയാണ്. പഞ്ചാബിലെ ഗോതമ്പു വയലുകളിൽ ചോരയിൽ ചുവന്നതു്, ബൽഗാമിലെ തെരുവുകൾ രക്തം വീണു നിറഞ്ഞതു്. ഇതെല്ലാം വെറും വർഗ്ഗീയ കലാപങ്ങളായിരുന്നുവോ? നാഗലാൻറു വാദവും ഗൂർഖാലാൻറു വാദവും രാജ്യസ്നേഹത്തിൻെറ തെളിവുകളാണെന്നു് ബോധമുള്ള ആർക്കും അറിയാവുന്ന വസ്തുതയാണ്. യഥാർത്ഥത്തിൽ ഇവിടെ പ്രാദേശിക വാദമുണ്ടോ? ഭാഷാ വാദം ഉണ്ടോ? ഇതൊക്കെ പുരോഗമനത്തെ എതിർക്കുന്ന ചില കുത്സിത ശക്തികളുടെ വെറും രാഷ്ട്രീയ പ്രേരിതമായ കപടവാദങ്ങൾ മാത്രമല്ലേ? അവർ പറഞ്ഞേക്കാം ഇവിടെ പട്ടിണി മരണം ഉണ്ടെന്നു്. എന്നാൽ ആഗോള പ്രതിഭാസമായ ആ മരണങ്ങൾ വെറും പോഷകാഹാരക്കുറവു മൂലമാണെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്. അവർ പറയുന്നു ഇന്ത്യ വിദേശ കുത്തകകളുടെ ഒരു വിപണിയാണെന്നു്. അങ്ങനെ ആണെങ്കിൽ നാം നമ്മുടെ കശുവണ്ടിയും, കയറും, ആയുർവ്വേദവും, തച്ചുശാസ്ത്രവും, കന്യകകളായ പെൺകിടാങ്ങളും ഒക്കെ വിൽക്കുന്ന വിദേശ രാഷ്ട്രങ്ങൾ ഇന്ത്യയുടെ വിപണിയാണെന്നു് അവർ പറഞ്ഞാൽ നമുക്കതു് നിഷേധിക്കാൻ കഴിയുമോ? ഇന്ത്യയുടെ ഈ പ്രതിസന്ധിക്കു കാരണം പട്ടിണിയല്ല, നിരക്ഷരതയല്ല, ആസൂത്രണ പിശകുകളല്ല. ഇതിൻെറയെല്ലാം പിന്നിലുള്ളതു്

വിദേശ ശക്തികളുടെ കറുത്ത കയ്യുകളാണ്. ഇവിടെ തൊഴിലില്ലായ്മ ഒരു പ്രശ്നമേയല്ല.

(പത്രപ്രവർത്തകൻ പ്രവേശിക്കുന്നു)

പത്രാ: (വിദ്യാർത്ഥിയോട്) ഇറാൻ, ഇറാക്ക് യുദ്ധത്തെപ്പററി ഒരഭ്യസ്തവിദ്യൻ എന്ന നിലയ്ക്കു് നിങ്ങൾക്ക് ഈ നാട്ടുകാരോട് എന്താണ് പറയാനുള്ളതു്?

വിദ്യാ: വെറുമൊരു ആഗോളപ്രതിഭാസമായ വെറും പോഷകാഹാരക്കുറവു മൂലമാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തതു്.

പത്രാ: അതായതു് ആധുനിക സാമൂഹ്യ—സാമ്പത്തിക, സാംസ്കാരിക സാഹചര്യങ്ങളിൽ ഒരു മൂല്യച്യുതിയുടെ ബഹിർഗമനമെന്ന നിലക്ക് വരുംതലമുറകളുടെ ആരോഗ്യകരമായ നിലനില്പിനായുള്ള മഹത് സംരംഭമാണിതെന്നാണ് നിങ്ങളുടെ അഭിപ്രായം അല്ലേ? ഒരു ചോദ്യംകൂടി ചോദിക്കട്ടെ! യുദ്ധത്തിന്റെ ഗ്രാസ്റൂട്ട് ലവലിലുള്ള പുരോഗതിക്കവേണ്ടി ഒരു പാക്കേജ്പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വിവിധ ശക്തികളോട് എന്താണ് നിങ്ങൾക്ക് ആഹ്വാനം ചെയ്യാനുള്ളതു്.

വിദ്യാ: വെളിച്ചം ദുഃഖമാണുണ്ണി തമസ്സല്ലോ സുഖപ്രദം (പോകുന്നു)

(ശാസ്ത്രജ്ഞൻ/ഗവേഷകൻ പ്രവേശിക്കുന്നു)

ശാസ്ത്ര: ഒരു ശാസ്ത്രജ്ഞൻ എന്ന നിലയ്ക്കു് എനിക്കു പറയുവാനുള്ളതു് ശാസ്ത്രം ജനനന്മയ്ക്കു് എന്നുപൂർഞ്ഞ്

ചില മണ്ടൻമാർ ശാസ്ത്രത്തെ തെരുവിലേക്കു് വലിച്ചിഴക്കുന്നുണ്ടു്. ന്യൂക്ലിയർഫിഷനെക്കുറിച്ചും, ഇൻറർ കോണ്ടിനെൻറൽ ബാലസ്റ്റിക്ക് മിസൈൽസിൻെറ ആന്തരിക സമ്മർദ്ദത്തെപ്പററിയും സൂപ്പർ കണ്ടക്ററിവിററിയെക്കുറിച്ചും മൈക്രോച്ചിപ്പിനുള്ള വൈസലട സർക്യൂട്ടിനെക്കുറിച്ചും സാധാരണക്കാർക്കു്—അതായതു്—Common people നു് എന്തറിയാം? അവരതു് എന്തിനാണറിയുന്നതു്. ശാസ്ത്രവും അവരും തമ്മിൽ എന്തു ബന്ധം? ശാസ്ത്രം ശാസ്ത്രത്തിനുവേണ്ടി ശാസ്ത്രം ഉണ്ടാക്കുന്നതു് ശാസ്ത്രജ്ഞരാണ്. അതിൻെറ പവിത്രത നശിപ്പിക്കാൻ ഈ.... ഇവന്മാരെ ഞങ്ങൾ അനുവദിക്കില്ല. (പോകുന്നു)

മുത്ത: ശാസ്ത്രം മനുഷ്യ നന്മയെ ലക്ഷ്യമാക്കുന്നു. സ്വന്തം അദ്ധ്വാനഭാരം ലഘൂകരിക്കുവാൻ ആദികാലം മുതൽ മനുഷ്യൻ നടത്തിയ കൂട്ടായ നിരന്തര ശ്രമത്തിൽ കൂടിയാണ് ശാസ്ത്രം ഉരുത്തിരിഞ്ഞതു്. നിലത്തു് നിരങ്ങിനീങ്ങുന്ന വണ്ടികൾ ഉണ്ടാക്കിയ ബുദ്ധിമുട്ട് ചക്രങ്ങളുടെ നിർമ്മിതിക്കു് വഴിതെളിഞ്ഞു. അതിൽ നിന്നത്രെ ഇന്നത്തെ ചക്രങ്ങളെല്ലാം ഉരുത്തിരിഞ്ഞതു്.

(ഇൻറർവ്യൂ ബോർഡിനുമുമ്പിൽ പകച്ചു നിൽക്കുന്ന വിദ്യാത്ഥി).

ഇൻറർവ്യൂ: നീ ഇന്നു് രാവിലെ എന്തു കഴിച്ചു?

വിദ്യാ: Sin θ + Cos θ πr^3

2-ാമൻ: നമ്മുടെ നാടിന്റെ പുരോഗതിയെക്കുറിച്ച് എന്താണഭിപ്രായം?

വിദ്യാ: It is a tale told me an idiot full of sound and fearing.

3-ാംമൻ: ഭാരതീപുരം Rly. station-നിൽ അന്ന് രാത്രി സംഭവിച്ചതെന്ത്?

വിദ്യാ: യുഗങ്ങൾക്കുമുമ്പ് ആസ്ട്രലോപിത്തേക്കസ്സിലൂടെ ആധുനിക മനുഷ്യൻ ഭാരതം കറുത്ത വർഗ്ഗക്കാക്ക് മാർട്ടിൻ ലൂഥർ, 2047 ൽ ഭാരതത്തിനു് സ്വാതന്ത്ര്യം ലേസർ രശ്മികളും, കമ്പ്യൂട്ടറും, പഞ്ചാബിന്റെ ഗോതമ്പുവയലുകൾ രക്തം വീണു ചുവന്നതു് ശാപങ്ങൾ രാജ്യസ്നേഹത്തിന്റെ തെളിവ് കന്യകകളായ പെൺകുട്ടികളെ വിററഴിയ്ക്കുന്ന വിദേശ വിപണി തൊഴിലില്ലായ്മയുടെ പരിഹാരപ്രശ്നമല്ല ആരോഗ്യകരമായ നിലനില്പിനു് മഹത് സംരംഭം തമസ്സല്ലോ സുഖപ്രദം ശാസ്ത്രം ശാസ്ത്രത്തിനുവേണ്ടി (മുത്തച്ഛനടുത്തേയ്ക്കു് വീഴുന്നു.)

മുത്ത: പണ്ടു ഗ്രീസ്സിൽ സോക്രട്ടീസ്സ് എന്നൊരു ചിന്തകൻ ജീവിച്ചിരുന്നു. ഗ്രീസിലെ തെരുവുകളിലൂടെ യുവാക്കളെ ചിന്തിക്കാനും ചോദ്യം ചോദിയ്ക്കാനും പഠിപ്പിച്ചുകൊണ്ടു് അയാൾ നടന്നു.

വിദ്യാ: എന്റെ അദ്ധ്യാപകരെന്നെ സിദ്ധാന്തങ്ങളും സമവാക്യങ്ങളും പഠിപ്പിച്ചു.

മുത്ത: (പാട്ട്).

വിദ്യാ: (ഒരു നിർവ്വചനം).

മുത്ത: സ്വന്തം മകനിൽനിന്നുള്ള എതിർപ്പ് അച്ഛനെ കോപിഷ്ഠനാക്കി നിന്റെ നാരായണനെവിടെ എന്നു് ചോദിച്ചുകൊണ്ടു് വാളൂരിയെടുത്തു് ഹിരണ്യനോട് തൂണിലും തുരുമ്പിലും എല്ലാം നാരായണനുണ്ടു് എന്നു പ്രഹ്ളാദൻ മറുപടി പറഞ്ഞു. എങ്കിൽ കാണട്ടെയെന്നു് ആക്രോശിച്ചു് തൂണിനിട്ടു് ഹിരണ്യൻ ആഞ്ഞുവെട്ടിയപ്പോൾ നരസിംഹരൂപത്തിൽ ശക്തി പുറത്തുവന്നു.

വിദ്യാ: ആ ശക്തി എന്റെ ഉള്ളിലുണ്ടു്. എനിക്ക് ചുററിലുള്ളവരെല്ലാമുണ്ടു്.

ഈ വർഷത്തെ ശാസ്ത്രസാംസ്കാരിക ജാഥ യിലവതരിപ്പിക്കുന്ന പരിപാടികളിൽ ചില താണ് ഇവ.

ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഏററവും വലിയ ബഹുജനസമ്പർക്ക പരിപാടികളിലൊന്നാണ് ശാസ്ത്രസാംസ്കാരികജാഥ.

കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ പേർ ഈ പരിപാടിയുമായി പലതരത്തിലും സഹകരിച്ചിട്ടുണ്ട്. അവരുടെയെല്ലാം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ് ശാസ്ത്രസാംസ്കാരിക ജാഥ.

എല്ലാവർക്കും നന്ദി.

—കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.